**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6446. 08.07.2014 ൽ മറുപടിയ്ക്ക്.

<u>സ്വകാര്യ ബസ്സുകളുടെ സൂപ്പർക്ലാസ്സ് സർവ്വീസ്</u>

| ചോദ്യം<br>ശ്രീ. കെ.എൻ.എ. ഖാദർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സൂപ്പർക്ലാസ്സ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവുകൾ നിലവിലുണ്ടോ ; | (എ) | കേരള സർക്കാരിന്റെ 16-07-2013 തീയതിയിലെ ജി.ഒ.(പി)നമ്പർ 73/2013/ട്രാൻ ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്ത് കെ.എസ്.ആർ. ടി.സി മാത്രമായി സൂപ്പർ ക്ലാസ്സ് ബസ്സുകൾ നടത്തുന്നതിനുള്ള സ്കീം അംഗീകരിച്ച് വിജ്ഞാപനം ചെയ്തു. ബഹു.ഹൈക്കോടതിയും വിജ്ഞാപനം അംഗീകരിച്ചിരുന്നു. |
| (ബി) | എങ്കിൽ ആയത് മറികടന്നുകൊണ്ട് സ്വകാര്യ സൂപ്പർക്ലാസ്സ് ബസ്സുകൾ സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ടി വിജ്ഞാപനപ്രകാരം പ്രൈവറ്റ് ബസുകൾക്ക് നിലവിലുള്ള പെർമിറ്റുകൾ തീരുന്ന മുറയ്ക്ക് മാത്രം പ്രസ്തുത റൂട്ടുകൾ കെ.എസ്.ആർ.ടി.സി ഏറ്റെടുക്കുന്നതാണ്. പെർമിറ്റ് തീരുന്നതുവരെ സർവ്വീസ് തുടരാം. സർക്കാർ വിജ്ഞാപനം ശരിവച്ചു കൊണ്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധി നിലവിലുണ്ടായിരുന്നപ്പോൾ മറ്റൊരു ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ പാലക്കാട് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയും, വടകര റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയും ഓരോ താത്കാലിക പെർമിറ്റ് നല്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിജസ്ഥിതി അന്വേഷിച്ചു വരികയാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. സൂപ്പർക്ലാസ്സ് സർവ്വീസുകൾ തുടങ്ങിയ സ്ഥലങ്ങളിൽ | (സി) | ഇല്ല |

| | | | |
|---|---|---|---|
| | സ്വകാര്യ ബസ്സുകൾ ഇത്തരത്തിലുള്ള സമാന്തര സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (ഡി) | സ്വകാര്യ ബസ്സുകൾ സൂപ്പർക്ലാസ് സർവ്വീസുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ബഹു.കോടതിയുടെ എന്തെങ്കിലും തരത്തിലുള്ള ഉത്തരവുകൾ നിലവിലുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ.